LIBRARY ARCHIVES Kerala Legislative Assembly

ആഘോഷങ്ങളോടനുബന്ധിച്ച് വിറ്റഴിച്ച മദ്യത്തിന്റെ അളവ്

95 (1058) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ ക്രിസ്തുമസ്, പുതുവത്സരദിനങ്ങളോടനുബന്ധിച്ച് സംസ്ഥാനത്ത് വിറ്റഴിച്ച മദ്യത്തിന്റെ അളവ് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞവർഷത്തേതിനെ അപേക്ഷിച്ച് ഇതിന്റെ അളവിൽ എത്ര വർദ്ധനവുണ്ടായി ;

(സി) കേരള സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷന് ഈ കാലയളവിൽ ലഭിച്ച വരുമാനം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ വർഷത്തേതിനെ അപേക്ഷിച്ച് 20.21 ശതമാനം വർദ്ധനവുണ്ടായി.

(സി) 234.54 കോടി രൂപ, 22-12-2010 മുതൽ 31-12-2010 വരെയുള്ള കാലയളവിൽ, കെ.എസ്.ബി.സി.-ക്ക് ലഭിച്ചു.

ബാർ ലൈസൻസുകൾ

96 (1059) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ : അവ ആർക്കൊക്കെ നൽകി എന്ന് വ്യക്തമാക്കുമോ ;

(ബി) ബാർ ലൈസൻസ് ഇനത്തിലും നികുതി ഇനത്തിലും എന്തു തുക സർക്കാരിന് പിരിഞ്ഞു കിട്ടാനുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 144 ബാർ ലൈസൻസുകൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലൈസൻസ് ഫീസ് ഇനത്തിലും, നികുതിയിനത്തിലും തുകയൊന്നും പിരിഞ്ഞ് കിട്ടാനില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.